**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4045** **27-10-2021 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതിയിൻ കീഴിലെ വേറിട്ടതോ പ്രത്യേകതയുള്ളതോ ആയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഈ സാമ്പത്തിക വർഷം ഉൽപ്പാദന-നിർമ്മാണ മേഖലകളിൽ വേറിട്ടതോ പ്രത്യേകതയുള്ളതോ ആയ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ പ്രവൃത്തികളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടത്താൻ കഴിയുന്ന പ്രവൃത്തികൾ എന്തെല്ലാം ആണെന്ന് കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇതിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തികൾ ഏറ്റെടുക്കാൻ കഴിയില്ല. തൊഴിലുറപ്പ് പദ്ധതിയിൽ സാധാരണ ഏറ്റെടുത്ത് വരുന്ന മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾക്കും, തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് പോലുള്ള ഉപജീവന ആസ്തികൾക്കും അംഗൻവാടി നിർമ്മാണം, റോഡ് നിർമ്മാണം പോലുള്ള ആസ്തികൾക്കും ഉപരിയായി ക്രിമറ്റോറിയം, സ്കൂളുകൾക്കുള്ള കിച്ചൻ ഷെഡ്, ഡൈനിംഗ് ഹാൾ, ഭക്ഷ്യധാന്യ സംഭരണ കേന്ദ്രം, ഗ്രാമചന്തകൾ, എസ്.എച്ച്.ജി.കൾക്കുള്ള വർക്ക്ഷെഡുകൾ തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നുണ്ട്. ടി പ്രവൃത്തികളുടെ ഈ സാമ്പത്തിക വർഷത്തെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഈ സാമ്പത്തിക വർഷം ഉൽപ്പാദന-നിർമ്മാണ മേഖലകളിൽ വേറിട്ടതോ പ്രത്യേകതയുള്ളതോ ആയ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ? | (ബി) | സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗത്തിൽപ്പെട്ടതും രണ്ടോ അതിലധികമോ പശുക്കളെ വളർത്തി പരിപാലിച്ചു പോരുന്നതുമായ ക്ഷീരകർഷകരെ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തി പരമാവധി 100 ദിവസത്തെ വേതനം അനുവദിക്കുന്ന പദ്ധതി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ വേറിട്ട പ്രവൃത്തിയാണ്. ഈ ഇനത്തിൽ 2021-22 സാമ്പത്തിക വർഷം 2,35,894 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുള്ളതാണ്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

| ക്രമ നം. | ജില്ല | നടപ്പ് സാമ്പത്തിക വർഷം ഏറ്റെടുത്ത പ്രവൃത്തികൾ | | | | |
|---|---|---|---|---|---|---|
| | | എസ്.എച്ച്.ജി. വർക്ക്ഷെഡ് | സ്കൂളുകൾക്കുള്ള ഡൈനിംഗ് ഹാൾ | സ്കൂളുകൾക്കുള്ള കിച്ചൻ ഷെഡ് | ഗ്രാമചന്തകൾ | ക്രിമറ്റോറിയം |
| 1. | തിരുവനന്തപുരം | 4 | - | - | 1 | - |
| 2. | കൊല്ലം | - | - | 5 | - | - |
| 3. | പത്തനംതിട്ട | - | - | - | - | - |
| 4. | ആലപ്പുഴ | - | - | - | - | - |
| 5. | ഇടുക്കി | 5 | - | - | 1 | - |
| 6. | കോട്ടയം | 10 | 3 | - | 2 | - |
| 7. | എറണാകുളം | 4 | - | 1 | - | - |
| 8. | തൃശ്ശൂർ | 4 | - | 2 | - | - |
| 9. | പാലക്കാട് | 18 | 1 | 1 | - | - |
| 10. | മലപ്പുറം | 4 | - | 2 | - | - |
| 11. | കോഴിക്കോട് | 11 | - | - | - | - |
| 12. | വയനാട് | - | - | - | - | - |
| 13. | കണ്ണൂർ | 7 | - | - | - | - |
| 14. | കാസർഗോഡ് | - | - | - | 1 | 1 |

**അനുബന്ധം-2**

| ക്രമ നം. | Name of LSG | നാളിതുവരെ രജിസ്റ്റർ ചെയ്ത ക്ഷീര കർഷകരുടെ എണ്ണം | 2021-22 സാമ്പത്തിക വർഷം ഈ ഇനത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 2021-22 സാമ്പത്തിക വർഷം നാളിതുവരെ ചെലവഴിച്ച (നൽകിയ) തുക |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 179 | 2534 | 343089 |
| 2. | കൊല്ലം | 310 | 24962 | 12755171 |
| 3. | പത്തനംതിട്ട | 242 | 1206 | 1977617 |
| 4. | ആലപ്പുഴ | 306 | 9265 | 630015 |
| 5. | കോട്ടയം | 181 | 8732 | 2658576 |
| 6. | ഇടുക്കി | 75 | 3791 | 1103181 |
| 7. | എറണാകുളം | 738 | 66107 | 3282821 |
| 8. | തൃശ്ശൂർ | 298 | 12405 | 3272877 |
| 9. | പാലക്കാട് | 347 | 11490 | 909465 |
| 10. | മലപ്പുറം | 437 | 46515 | 2060571 |
| 11. | കോഴിക്കോട് | 307 | 14421 | 2625693 |
| 12. | വയനാട് | 750 | 3898 | 0 |
| 13. | കണ്ണൂർ | 769 | 27792 | 2949506 |
| 14. | കാസർഗോഡ് | 197 | 2776 | 2580588 |
| | **ആകെ** | **5136** | **235894** | **37149170** |